# സൂറ – 27 / അന്നംല്

### സൂക്തം: 89 – 93

നിങ്ങളുടെ ദുഷ്‌ചെയ്തികളെക്കുറിച്ചൊന്നും അല്ലാഹുവിന് സൂക്ഷ്മമായ അറിവില്ലെന്നോ ശ്രദ്ധയില്ലെന്നോ തെറ്റിദ്ധരിക്കേണ്ട. നിങ്ങളുടെ കാര്യങ്ങളൊക്കെയും അവന്‍ ആഴത്തിലും പരപ്പിലും അറിഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ, എല്ലാറ്റിനും അവന്‍ ഒരു സമയം നിര്‍ണയിച്ചുവെച്ചിരിക്കുന്നു. ആ സമയമാകുമ്പോള്‍ എല്ലാ കാര്യങ്ങളെക്കുറിച്ചും അവന്‍ നിങ്ങളോട് എണ്ണിയെണ്ണി ചോദിക്കുകയും ചെയ്യും



مَن جَاءَ بِالْحَسَنَةِ فَلَهُ خَيْرٌ مِّنْهَا وَهُم مِّن فَزَعٍ يَوْمَئِذٍ آمِنُونَ ﴿٨٩﴾

89. വല്ലവരും സുകൃതവുമായി അല്ലാഹുവിന്റെ സന്നിധിയിലെത്തിയെങ്കില്‍ അവന് അതിനേക്കാള്‍ വിശിഷ്ടമായ കര്‍മഫലം ലഭിക്കും. അവരാകുന്നു ആ നാളിന്റെ ഭയവിഹ്വലതകളില്‍നിന്ന് മുക്തരാകുന്നവര്‍.

وَمَن جَاءَ بِالسَّيِّئَةِ فَكُبَّتْ وُجُوهُهُمْ فِي النَّارِ هَلْ تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٩٠﴾

90. ദുഷ്‌കര്‍മങ്ങളുമായി അല്ലാഹുവിന്റെ സന്നിധിയിലെത്തുന്നവരോ, അവര്‍ മുഖം കുത്തി നരകത്തില്‍ തള്ളിയിടപ്പെടുന്നു. നിങ്ങളുടെ ചെയ്തികള്‍ അര്‍ഹിക്കുന്നതല്ലാതെ മറ്റെന്തു പ്രതിഫലമാണ് നിങ്ങള്‍ക്കു ലഭിക്കുക!

**89,90**

مَن جَاءَ بِالْحَسَنَةِ = വല്ലവനും (അല്ലാഹുവിന്റെ സന്നിധിയില്‍) സുകൃതവുമായി വന്നുവെ(എത്തിയെ)ങ്കില്‍

فَلَهُ = അവന്ന് ഉണ്ട് (ലഭിക്കും) خَيْرٌ مِّنْهَا = അതില്‍നിന്നുള്ള, അതിനേക്കാള്‍ വിശിഷ്ടമായത് (കര്‍മഫലം)

وَهُم = അവര്‍ (ആകുന്നു) مِّن فَزَعٍ يَوْمَئِذٍ = ആ നാളിന്റെ ഭയവിഹ്വലതകളില്‍നിന്ന്

آمِنُونَ = നിര്‍ഭയര്‍ (മുക്തര്‍) ആകുന്നവര്‍

وَمَن جَاءَ بِالسَّيِّئَةِ = വല്ലവനും തിന്മയുമായി വന്നുവെങ്കില്‍ (ദുഷ്‌കര്‍മങ്ങളുമായി അല്ലാഹുവിന്റെ സന്നിധിയിലെത്തുന്നവരോ)

فَكُبَّتْ وُجُوهُهُمْ = അവരുടെ മുഖം വലിച്ചിഴക്കപ്പെട്ടു (മുഖംകുത്തി തള്ളിയിടപ്പെടുന്നു) فِي النَّارِ = നരകത്തില്‍

هَلْ تُجْزَوْنَ = നിങ്ങള്‍ പ്രതിഫലം നല്‍കപ്പെടുമോ (മറ്റെന്തു പ്രതിഫലമാണ് നിങ്ങള്‍ക്കു ലഭിക്കുക)

إِلَّا مَا كُنتُمْ تَعْمَلُونَ = നിങ്ങള്‍ പ്രവര്‍ത്തിച്ചിരുന്നതല്ലാതെ (നിങ്ങളുടെ ചെയ്തികള്‍ അര്‍ഹിക്കുന്നതല്ലാതെ)

മുന്‍ സൂക്തത്തിന്റെ അവസാന ഖണ്ഡമായ إِنَّهُ خَبِيرٌ بِمَا تَفْعَلُونَ-ന്റെ അനിവാര്യഫലം വ്യക്തമാക്കുകയാണ്. അന്ന് നന്മ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മുന്നിലെത്തുന്നവര്‍ക്ക് വിശിഷ്ടമായ കര്‍മഫലം ലഭിക്കും. അവര്‍ ആ ദിനത്തിന്റെ ഭയവിഹ്വലതകളില്‍നിന്ന് മുക്തരും സമാധാനചിത്തരുമാകും. പാപഭാണ്ഡങ്ങളും പേറി ഹാജരാകുന്നവരോ നരകത്തിലേക്ക് മുഖംകുത്തിവലിച്ചെറിയപ്പെടുകയും ചെയ്യുന്നു. പാപികള്‍ ചെയ്തുകൂട്ടിയ കര്‍മങ്ങളുടെ പ്രതിഫലം തന്നെയാണ് അവര്‍ക്ക് ലഭിക്കുന്നത്. അവരോട് അല്ലാഹു ഒരനീതിയും ചെയ്യുന്നില്ല.

ഈ സൂക്തത്തില്‍ حَسَنَة കൊണ്ട് വിവക്ഷ ഏകദൈവവിശ്വാസവും സല്‍ക്കര്‍മവുമാണെന്നും سَيِّئَة കൊണ്ട് വിവക്ഷ വിഗ്രഹങ്ങളിലും ബഹുദൈവങ്ങളിലുമുള്ള വിശ്വാസവും കര്‍മദോഷങ്ങളുമാണെന്നും ഇബ്‌നു അബ്ബാസിനെപ്പോലുള്ള പൂര്‍വിക പണ്ഡിതന്മാര്‍ വ്യാഖ്യാനിച്ചിരിക്കുന്നു. തൗഹീദ് എല്ലാ നന്മകളുടെയും ശിര്‍ക്ക് എല്ലാ തിന്മകളുടെയും ഉറവിടമാണെന്ന പരിഗണനയിലാണിത്. എന്നാല്‍, حَسَنَة-നെയും سَيِّئَة-നെയും അവയുടെ പൊതുവായ അര്‍ഥത്തില്‍ (നന്മയും തിന്മയും) സ്വീകരിക്കുന്നതാണ് കൂടുതല്‍ ഉചിതം. ഇബ്‌നു അബ്ബാസ്, ഖതാദഃ, നഖഈ തുടങ്ങിയ പണ്ഡിതന്മാരുടെ വീക്ഷണത്തില്‍ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് മൊഴിഞ്ഞവര്‍ക്ക് പരലോകത്ത് അതിന്റേതായ ഗുണം ലഭിക്കും- അവര്‍ വേറെ സല്‍ക്കര്‍മമൊന്നും ചെയ്തില്ലെങ്കിലും. حَسَنَة-നെയും سَيِّئَة-നെയും സാമാന്യമായ അര്‍ഥത്തിലെടുക്കുമ്പോള്‍ നന്മ ചെയ്തവര്‍ക്ക് അതിനെക്കാള്‍ വിശിഷ്ടമായ പ്രതിഫലവും തിന്മ ചെയ്തവര്‍ക്ക് അതിന്റെ

ശിക്ഷയും ലഭിക്കും. ചെയ്ത നന്മ ന്യായമായും അർഹിക്കുന്നതിനേക്കാൾ ഒന്നു മുതൽ 700 ഇരട്ടി വരെയാണ് വിശിഷ്ടമായ പ്രതിഫലം.

خَيْرٌ مِّنْهَا എന്നതിന് അതിൽനിന്നുള്ള ഗുണം എന്നും അതിനേക്കാൾ ഗുണകരമായത് എന്നും അർഥമാകാം. അല്ലാഹു അടിമയുടെ നന്മകൾക്ക് അതിനേക്കാൾ എത്രയോ ഇരട്ടി പ്രതിഫലമാണ് നിശ്ചയിച്ചിട്ടുള്ളത്. ഏതർഥത്തിലും അടിമക്ക് ലഭിക്കുന്ന പ്രതിഫലം അവന്റെ കർമത്തിൽനിന്നുള്ളതും ആ കർമത്തേക്കാൾ എത്രയോ വിശിഷ്ടവുമായിരിക്കും. അനേകമിരട്ടി സൽഫലം ലഭിക്കുന്ന നന്മകളും നിശ്ചിത ശിക്ഷയർഹിക്കുന്ന തിന്മകളും തൂക്കിനോക്കുമ്പോൾ ഇരട്ടിയിരട്ടിയായ പ്രതിഫലത്തിന്റെ കനമുണ്ടായിട്ടും ശിക്ഷാർഹമായ തിന്മകളുടെ തട്ടാണ് കൂടുതൽ തൂങ്ങുന്നതെങ്കിൽ അവരാണ് മുഖംകുത്തി നരകത്തിലേക്ക് വലിച്ചെറിയപ്പെടുക. നന്മയുടെ തട്ട് കനം തൂങ്ങുന്നവർ മലക്കുകളാൽ അഭിവാദ്യം ചെയ്യപ്പെട്ട് സ്വർഗത്തിലേക്ക് ആനയിക്കപ്പെടുന്നു. ഓരോരുത്തരുടെയും കർമജീവിതം ആവശ്യപ്പെടുന്ന നീതിയാണ് അവർക്ക് ലഭിക്കുന്നത്. ■

---

إِنَّمَا أُمِرْتُ أَنْ أَعْبُدَ رَبَّ هَٰذِهِ الْبَلْدَةِ الَّذِي حَرَّمَهَا وَلَهُ كُلُّ شَيْءٍ ۖ وَأُمِرْتُ أَنْ أَكُونَ مِنَ الْمُسْلِمِينَ ﴿٩١﴾

91. പ്രവാചകൻ ഈ ജനത്തോടു പറയുക: ഈ നാടിന്റെ നാഥനുമാത്രം ഇബാദത്ത് ചെയ്യാൻ തന്നെയാകുന്നു ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. അവൻ ഈ നാടിനെ പാവനമാക്കിയിരിക്കുന്നു. സകല വസ്തുക്കളും അവന്റേതത്രെ. അവന്നു സമ്പൂർണ സമർപ്പിതൻ -മുസ്‌ലിം- ആയിരിക്കാനും ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു.

وَأَنْ أَتْلُوَ الْقُرْآنَ ۖ فَمَنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ ۖ وَمَن ضَلَّ فَقُلْ إِنَّمَا أَنَا مِنَ الْمُنذِرِينَ ﴿٩٢﴾

92. ഈ ഖുർആൻ ഞാൻ ജനങ്ങളെ ഓതിക്കേൾപ്പിക്കണമെന്നും കൽപിക്കപ്പെട്ടിരിക്കുന്നു. ഒരുവൻ സന്മാർഗം സ്വീകരിച്ചുവെങ്കിൽ അവനുവേണ്ടിത്തന്നെയാണ് അവൻ സന്മാർഗം സ്വീകരിക്കുന്നത്. ദുർമാർഗമാണ് സ്വീകരിച്ചതെങ്കിൽ നീ പറയുക: ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു.

**91,92**

إِنَّمَا أُمِرْتُ = (പ്രവാചകൻ ഈ ജനത്തോട് പറയുക:) ഞാൻ കൽപിക്കപ്പെട്ടു(ട്ടിരിക്കുന്നത്)
أَنْ أَعْبُدَ رَبَّ هَٰذِهِ الْبَلْدَةِ = ഈ നാടിന്റെ നാഥനെ (മാത്രം) ഞാൻ ആരാധിക്കാൻ തന്നെയാകുന്നു
الَّذِي حَرَّمَهَا = അവൻ അതിനെ പാവനമാക്കി(യിരിക്കുന്നു)യിട്ടുള്ളതായ وَلَهُ = അവന്റേതത്രെ
كُلُّ شَيْءٍ = സകല വസ്തുക്കളും وَأُمِرْتُ = ഞാൻ കൽപിക്കപ്പെട്ടു(ട്ടിരിക്കുന്നു)
أَنْ أَكُونَ = ഞാൻ ആയിരിക്കാനും مِنَ الْمُسْلِمِينَ = മുസ്‌ലിംകളിൽ പെട്ടവൻ (അവന് സമ്പൂർണ സമർപ്പിതൻ)
وَأَنْ أَتْلُوَ الْقُرْآنَ = ഞാൻ (ജനങ്ങളെ) ഓതിക്കേൾപ്പിക്കാനും
فَمَنِ اهْتَدَىٰ = അപ്പോൾ സന്മാർഗം സ്വീകരിച്ചവൻ(ഒരുവൻ സന്മാർഗം സ്വീകരിച്ചുവെങ്കിൽ)
فَإِنَّمَا يَهْتَدِي لِنَفْسِهِ = അവന്നു വേണ്ടി തന്നെയാകുന്നു അവൻ സന്മാർഗം സ്വീകരിക്കുന്നത്
وَمَن ضَلَّ = വല്ലവനും ദുർമാർഗം(ആണ്) സ്വീകരിച്ചു(ച്ചത്) എങ്കിൽ فَقُلْ = നീ പറയുക
إِنَّمَا أَنَا مِنَ الْمُنذِرِينَ = ഞാൻ മുന്നറിയിപ്പുകാരി(രൻ)ൽ പെട്ടവൻ മാത്രമാകുന്നു

ഒടുവിൽ അല്ലാഹു പ്രവാചകന്റെ ദൗത്യവും പ്രബോധന ലക്ഷ്യവും അദ്ദേഹത്തിന്റെ ജിഹ്വയിലൂടെ തന്നെ അസന്ദിഗ്ധമായ ഭാഷയിൽ പ്രഖ്യാപിക്കുകയാണ്. ഇനി സ്വയം സംസ്കരിച്ച് വീണ്ടെടുക്കപ്പെടാനാഗ്രഹിക്കുന്നവർക്ക് അങ്ങനെ ചെയ്യാം. അല്ലെങ്കിൽ ഇപ്പോൾ തുടർന്നുവരുന്ന വിശ്വാസാചാരങ്ങളുടെ അനിവാര്യമായ അനന്തരഫലം അനുഭവിക്കാൻ തയാറായിക്കൊള്ളുക. ഇവിടെ إِنَّمَا أُمِرْتُ എന്നതിനു മുമ്പ് قُلْ (പ്രഖ്യാപിക്കുക) എന്ന അർഥത്തിലുള്ള ഒരു വാക്ക് അനുക്തമായിരിക്കുന്നുവെന്ന് ശേഷം പറയുന്ന فَقُلْ إِنَّمَا أَنَا എന്ന വാക്കിൽനിന്നും وَقُلِ الْحَمْدُ لِلَّهِ എന്ന വാക്കിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

വചനസാരമിതാണ്: പ്രവാചകൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുക: ഈ മക്കാ നാടിനെ പാവനവും പരിശുദ്ധവുമാക്കിയ വിധാതാവിനെ മാത്രം ആരാധിക്കാനും അവനു തന്നെ പൂർണമായി വിധേയനായിരിക്കാനും അവന്റെ വചനങ്ങളായ ഈ ഖുർആൻ ജനങ്ങൾക്ക് ഓതിക്കേൾപ്പിക്കാനും അവൻ എന്നോടാജ്ഞാപിച്ചിരിക്കുന്നു. ഉലകിലുള്ളതഖിലവും അവന്റെ മാത്രം അധികാരത്തിലും ഉടമസ്ഥതയിലുമാകുന്നു. മക്കയെയും അതിന്റെ പവിത്രതയെയും പരാമർശിച്ചതിലൂടെ മക്കാ മണ്ണിന്റെയും കഅ്ബാലയത്തിന്റെയും ചരിത്രം സൂചിപ്പിക്കുകയാണ്. അതായത്, ഏതൊരുദ്ദേശ്യത്തിനു വേണ്ടിയാണോ അല്ലാഹു ഈ നാടിനെ തെരഞ്ഞെടുക്കുകയും പരിശുദ്ധമാക്കുകയും ചെയ്തത്, ആ ഉദ്ദേശ്യത്തിന്റെ സാഫല്യത്തിനും നവീകരണത്തിനും വേണ്ടിയാകുന്നു ഞാൻ നിയുക്തനായിരിക്കുന്നത്. അതിനാൽ അതിനെതിരെ നിങ്ങൾ എത്രയൊക്കെ ബലം പ്രയോഗിച്ചാലും എന്തൊക്കെ അക്രമങ്ങൾ നടത്തിയാലും അതൊന്നും എന്നെ അശേഷം പിന്തിരിപ്പിക്കുകയില്ല. ഇബ്‌റാഹീമീ മില്ലത്തിന്റെ കേന്ദ്രമാണീ മണ്ണ്. അദ്ദേ

ഹം പ്രബോധനം ചെയ്ത ദൈവത്തിന്റെ ഏകത്വമാണ് ഞാനും പ്രബോധനം ചെയ്യുന്നത്. അതുതന്നെയാണിവിടെ നടക്കേണ്ടതും.

സകലമാന പ്രാപഞ്ചിക വസ്തുക്കളുടെയും അവയുടെ ചലനങ്ങളുടെയും, ഭയഭക്തിയുടെയും ആരാധനയുടെയുമെല്ലാം യഥാർഥ ഉടമയും പരമാധികാരിയും അല്ലാഹു മാത്രമാകുന്നു. അതിനാൽ അവനല്ലാത്തവർക്ക് അർപ്പിക്കുന്ന ഭയഭക്തിയും ആരാധനയും അവനെ നിന്ദിക്കുക എന്ന മഹാപരാധമാകുന്നു. ഇതാണ് وَلَهُ كُلُّ شَيْءٍ എന്ന വാക്യത്തിന്റെ സാരം. ഈ മന്ദിരത്തിന്റെ നാഥനെ മാത്രം ആരാധിക്കാൻ കൽപിക്കപ്പെട്ടതുപോലെ ആത്യന്തികമായി അവന്റെ മാത്രം വിധേയനും ആജ്ഞാനുവർത്തിയുമായിരിക്കാനും, എന്റെ പരമമായ വിധേയത്വവും അനുസരണവും അവനല്ലാത്ത ആർക്കും അർപ്പിച്ചുകൂടാ എന്നു കൂടി കൽപിക്കപ്പെട്ടിരിക്കുന്നുവെന്നാണ് أَنْ أَكُونَ مِنَ الْمُسْلِمِينَ എന്ന വാക്യത്തിലൂടെ അറിയിക്കുന്നത്.

وَأَنْ أَتْلُوَ الْقُرْآنَ..... എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: എന്നെ തോൽപിക്കാൻ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കുതന്ത്രങ്ങളോ ഉന്നയിക്കുന്ന മുട്ടുന്യായങ്ങളോ എനിക്ക് സാധിപ്പിച്ചുതരാനാവാത്ത ആവശ്യങ്ങളോ ഒന്നും ഞാൻ ഒട്ടും സാരമാക്കുന്നില്ല. നിങ്ങളെ ദൈവിക വചനങ്ങൾ കേൾപ്പിക്കുക മാത്രമാണ് എന്റെ ഉത്തരവാദിത്തം. അത് ശ്രദ്ധിച്ചു കേട്ട് ഉൾക്കൊള്ളുന്നവർക്ക് സന്മാർഗം പ്രാപിക്കാം. ഇഹത്തിലും പരത്തിലും അത് ഗുണം ചെയ്യുന്നത് അവർക്കുതന്നെയാണ്. അത് കേൾക്കാനോ ഉൾക്കൊള്ളാനോ കൂട്ടാക്കാതെ സ്വന്തം അജ്ഞതയിലും അവിവേകത്തിലും ശഠിച്ചുനിൽക്കുകയാണെങ്കിൽ അതിന്റെ ദോഷവും അവർക്കുതന്നെ. അതിലൊന്നും പ്രവാചകന് ഒരു ഉത്തരവാദിത്തവുമില്ല. അദ്ദേഹം ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. ജനങ്ങളെ ദൈവിക വചനങ്ങൾ കേൾപ്പിക്കുന്നതോടെ അദ്ദേഹത്തിന്റെ ഉത്തരവാദിത്തം അവസാനിച്ചിരിക്കുന്നു. ഇവിടെ ഇബ്റാഹീം (അ) തന്റെ സന്തതികളായ ഇസ്മാഈല്യരിൽ അയക്കപ്പെടുന്ന പ്രവാചകനെ സംബന്ധിച്ച് ഇപ്രകാരം പ്രാർഥിച്ചത് അനുസ്മരണീയമാകുന്നു: يَتْلُوا عَلَيْهِمْ آيَاتِكَ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ (അവർക്ക് നിന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുകയും അവരെ സംസ്കരിച്ചു വളർത്തുകയും വേദവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന പ്രവാചകൻ). ദൈവദൂതന്റെ പ്രഥമ ദൗത്യം ജനത്തെ ദൈവിക സൂക്തങ്ങൾ കേൾപ്പിക്കലാണ്. അതവർ സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമ്പോഴേ അത്തരം ദൗത്യങ്ങൾ പ്രസക്തമാകുന്നുള്ളൂ. ജനം ദൈവിക സൂക്തങ്ങൾ കേൾക്കാനേ കൂട്ടാക്കുന്നില്ലെങ്കിൽ അവർക്കത് ഓതിക്കൊടുക്കുന്നതോടെ അവരുടെ കാര്യത്തിലും ദൈവദൂതന്റെ ചുമതല തീർന്നു. ഖുറൈശികളെ മുൻനിർത്തി പ്രവാചകൻ പറയുകയാണ്: ഞാൻ എന്റെ ചുമതല നിർവഹിച്ചിരിക്കുന്നു. ഇനി സ്വന്തം രക്ഷയും വിജയവും കാംക്ഷിക്കുന്നവർ ഈ ദൈവാനുഗ്രഹത്തിൽ പങ്കാളികളാവുക. അല്ലാത്തവർ അവരുടെ ശിക്ഷാവിധി കാത്തിരുന്നുകൊള്ളുക. ■

---

وَقُلِ الْحَمْدُ لِلَّهِ سَيُرِيكُمْ آيَاتِهِ فَتَعْرِفُونَهَا ۚ وَمَا رَبُّكَ بِغَافِلٍ عَمَّا تَعْمَلُونَ ﴿٩٣﴾

93. പ്രവാചകൻ പറയുക: സർവസ്തുതിയും അല്ലാഹുവിനാകുന്നു. വൈകാതെ അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു കാണിച്ചുതരുന്നുണ്ട്. അപ്പോൾ നിങ്ങളതു തിരിച്ചറിയുന്നതാകുന്നു. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കർമങ്ങളെക്കുറിച്ചൊന്നും നിന്റെ നാഥൻ അശ്രദ്ധനല്ല.

**93**

وَقُلِ = നീ (പ്രവാചകൻ) പറയുക الْحَمْدُ لِلَّهِ = സർവസ്തുതിയും അല്ലാഹുവിനാകുന്നു

سَيُرِيكُمْ = വൈകാതെ അവൻ നിങ്ങൾക്കു കാണിച്ചുതരുന്നുണ്ട് آيَاتِهِ = അവന്റെ ദൃഷ്ടാന്തങ്ങൾ

فَتَعْرِفُونَهَا = അപ്പോൾ നിങ്ങൾ അതു തിരിച്ചറിയും وَمَا رَبُّكَ بِغَافِلٍ = നിന്റെ നാഥൻ അശ്രദ്ധനല്ല

عَمَّا تَعْمَلُونَ = നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കർമങ്ങളെക്കുറിച്ച് (ഒന്നും)

സൂറയുടെ സമാപന സൂക്തത്തിൽ, ദൈവികദീനിനെ പരാജയപ്പെടുത്തുന്നതിനു വേണ്ടി ശിക്ഷയുടെ ദൃഷ്ടാന്തങ്ങൾ കാണിക്കണമെന്ന് ശഠിക്കുന്ന മുഷ്കര ജനത്തെ വീണ്ടും ഉദ്ബോധിപ്പിക്കാൻ പ്രവാചകനെ ഉപദേശിക്കുകയാണ്: എനിക്ക് ഖുർആനാകുന്ന ഈ അനുഗ്രഹം ഇറക്കിത്തരികയും അത് ജനങ്ങളെ ഓതിക്കേൾപ്പിക്കാൻ ഉതവിയരുളുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും. നിങ്ങൾ അവനെ മാനിക്കുകയോ ചെവിക്കൊള്ളുകയോ ചെയ്യാതെ ദൃഷ്ടാന്തങ്ങളാവശ്യപ്പെട്ടുകൊണ്ടേയിരിക്കുകയാണെങ്കിൽ ഏറെ വൈകാതെ അവൻ തന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങളെ കാണിക്കുന്നുണ്ട്. ഞാൻ നിങ്ങളോട് പറഞ്ഞിരുന്നതൊക്കെയും എന്തുമാത്രം ഗുരുതരമായ സത്യങ്ങളായിരുന്നുവെന്ന് അപ്പോൾ നിങ്ങൾ തിരിച്ചറിയുക തന്നെ ചെയ്യും. സ്വന്തം ദുർവിധിയെ സ്വയം വിളിച്ചുവരുത്തുകയായിരുന്നുവെന്നും ബോധ്യപ്പെടും. പക്ഷേ അപ്പോൾ ആ തിരിച്ചറിവുകൊണ്ടും ബോധ്യം കൊണ്ടും ഒരു പ്രയോജനവുമുണ്ടാകില്ല.

നിങ്ങളുടെ ദുഷ്ചെയ്തികളെക്കുറിച്ചൊന്നും അല്ലാഹുവിന് സൂക്ഷ്മമായ അറിവില്ലെന്നോ ശ്രദ്ധയില്ലെന്നോ തെറ്റിദ്ധരിക്കേണ്ട. നിങ്ങളുടെ കാര്യങ്ങളൊക്കെയും അവൻ ആഴത്തിലും പരപ്പിലും അറിഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ, എല്ലാറ്റിനും അവൻ ഒരു സമയം നിർണയിച്ചുവെച്ചിരിക്കുന്നു. ആ സമയമാകുമ്പോൾ എല്ലാ കാര്യങ്ങളെക്കുറിച്ചും അവൻ നിങ്ങളോട് എണ്ണിയെണ്ണി ചോദിക്കുകയും ചെയ്യും. ഇതാണ് وَمَا رَبُّكَ بِغَافِلٍ عَمَّا تَعْمَلُونَ എന്ന വാക്യം പ്രകാശിപ്പിക്കുന്ന ആശയം.

സൂറ *അന്നംലി*ന്റെ ബോധനം ഇവിടെ സമാപിക്കുന്നു

الحمد لله الذى وفّقنى الإتمام تنوير سورة النمل